# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3676** | **20/06/2019-ൽ മറുപടിയ്ക്ക്**

### മഴക്കാലരോഗങ്ങൾ നിയന്ത്രിക്കുവാൻ സ്വീകരിച്ച മുൻകരുതലുകൾ

**ചോദ്യം**

**ശ്രീ.എൻ. ഷംസുദ്ദീൻ**

എ) സംസ്ഥാനത്ത് കാലവർഷം സജീവമാകുന്നതോടു കൂടി വ്യാപിക്കുന്ന മഴക്കാലരോഗങ്ങൾ നിയന്ത്രിക്കുവാൻ വേണ്ടി പി.എച്ച്.സി, സി.എച്ച്.സി. തുടങ്ങിയ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് കാലവർഷം സജീവമാകുന്നതോടുകൂടി ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികൾ തടയാൻ പി.എച്ച്.സി, സി.എച്ച്.സി കേന്ദ്രീകരിച്ച് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

1. പകർച്ചവ്യാധി നിയന്ത്രണത്തിന് നടപടിയെടുക്കേണ്ട വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നു.
2. സർക്കാർ/സ്വകാര്യ ഡോക്ടർമാർക്ക് പകർച്ചവ്യാധികളുടെ നിയന്ത്രണത്തിനും, ചികിത്സയെപ്പറ്റിയും പരിശീലനം നൽകുന്നു.
3. ഓരോ പകർച്ചവ്യാധികളുടെയും സാധ്യത പ്രദേശങ്ങൾ കണ്ടെത്തി രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നു.
4. ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലും, വാർഡ് തലത്തിലും യോഗങ്ങൾ സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു.
5. പ്ലാന്റേഷൻ ഉടമകളെയും, തൊഴിലാളികളെയും പങ്കെടുപ്പിച്ച് ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു.
6. ആശ, അംഗൻവാടി, കുടുംബശ്രീ സന്നദ്ധ ആരോഗ്യപ്രവർത്തകർക്ക് പരിശീലന പരിപാടികൾ നടത്തുന്നു.
7. പകർച്ചവ്യാധി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകൾ, പരിശോധന കിറ്റുകൾ, ഒ.ആർ.എസ്. ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ടാബ്‌ലെറ്റ്, കൊതുക് - കൂത്താടി നാശിനികൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ സ്റ്റോക്ക് വിവര പട്ടിക തയ്യാറാക്കുകയും, ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്യുന്നു.

8. കൊതുകുനശീകരണത്തിനാവശ്യമായ സ്പ്രേയറുകൾ. ഫോഗിംഗ് മെഷീനുകൾ തുടങ്ങിയവ റിപ്പയർ നടത്തി പ്രവർത്തനക്ഷമമാക്കുന്നു.
9. ഈഡിസ് കൊതുക പെരുകുന്നതിന് കാരണമായ പ്രധാന സ്രോതസ്സുകൾ. ഉണങ്ങിയ ഉറവിടങ്ങൾ എന്നിവ കണ്ടുപിടിക്കുകയും അവയെ നശിപ്പിക്കുകയും ചെയ്യുന്നു.
10. തദ്ദേശ സ്വയംഭരണ, കൃഷി, മൃഗസംരക്ഷണ വകുപ്പുകളുമായി ചേർന്ന് എലി, തെരുവുനായ, നിയന്ത്രണ പ്രവർത്തനം നടത്തുന്നു.
11. ജലഗുണനിലവാര പരിശോധന നടത്തുന്നു.
12. ബോധവത്ക്കരണത്തിനാവശ്യമായ പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്യുന്നു.
13. പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി യോഗങ്ങൾ, ആരോഗ്യ ജാഗ്രതാ ഗൃഹസന്ദർശനം, പ്രത്യേക ഗ്രാമസഭ, വാർഡ്തല ആരോഗ്യശുചിത്വ പോഷണ സമിതി യോഗം, ഹെൽത്ത് സ്ക്വാഡുകളുടെ രൂപീകരണം, വാർഡ്തല ശുചിത്വ മാപ്പിംഗ്, ഗാർഹിക തലത്തിലും, സ്ഥാപനതലത്തിലും ബോധവത്കരണം, വാർഡുതല ശുചിത്വ പദ്ധതി, ഹെൽത്ത് സ്ക്വാഡ് അംഗങ്ങൾ വീടുകളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് നടത്തുന്ന ഫീൽഡ്തല ശുചിത്വാരോഗ്യ പ്രവർത്തനങ്ങൾ എന്നിവ ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.
14. നിലവിലുള്ള പൊതുജനാരോഗ്യ നിയമമനുസരിച്ച് വീടുകളിലും, സ്ഥാപനങ്ങളിലും പരിശോധന നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

**സെക്ഷൻ ഓഫീസർ**